**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1487** **14-03-2022 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം ജില്ലയിലെ വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | null<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | റവന്യൂ വകുപ്പിൽ വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് തസ്തികയിൽ തിരുവനന്തപുരം ജില്ലയിൽ അനുവദനീയമായ എത്ര തസ്തികകളാണുള്ളതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത തസ്തികയിൽ നിലവിൽ എത്ര പേർ ജോലി ചെയ്യുന്നുവെന്നും എത്ര ഒഴിവുകളുണ്ടെന്നും വ്യക്തമാക്കാമോ; | (എ) | റവന്യൂ വകുപ്പിൽ തിരുവനന്തപുരം ജില്ലാ റവന്യൂ എസ്റ്റാബ്ലിഷ്മെന്റിൽ വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് തസ്തികയിൽ അനുവദനീയമായ തസ്തികകൾ 251 ആകുന്നു. പ്രസ്തുത തസ്തികയിൽ നിലവിൽ 226 ജീവനക്കാർ സേവനമനുഷ്ഠിക്കുന്നു. 25 ഒഴിവുകൾ നിലവിലുണ്ട്. |
| (ബി) | തിരുവനന്തപുരം റവന്യൂ ജില്ലാ എസ്റ്റാബ്ലിഷ്മെന്റിൽ വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാരുടെ എത്ര ഒഴിവുകളാണ് നിലവിൽ പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്നും എത്ര ഒഴിവുകൾ പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്യാനുണ്ടെന്നും വ്യക്തമാക്കാമോ; | (ബി) | നിലവിൽ 18 ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്, 3 ഒഴിവുകൾ അന്തർ വകുപ്പ് സ്ഥലംമാറ്റത്തിനായി മാറ്റി വച്ചിട്ടുള്ളവയാണ്. 4 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാനുണ്ട്. |
| (സി) | 2022 സെപ്റ്റംബർ മാസത്തിനകം പ്രസ്തുത തസ്തികയിൽ ഉണ്ടാകാൻ സാധ്യതയുള്ള പ്രതീക്ഷിത ഒഴിവുകൾ കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര ഒഴിവുകളെന്ന് വ്യക്തമാക്കാമോ; ഈ പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | 2022 സെപ്റ്റംബർ മാസത്തിനകം പ്രസ്തുത തസ്തികയിൽ വിരമിക്കൽ മുഖേന 7 ഒഴിവുകൾ ഉണ്ടാകുന്നതാണ്. പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ